# മധുരമായ കുട്ടികളേ, ഓർമ്മയുടെ ചാർട്ട് വെയ്ക്കൂ, എത്രമാത്രം ഓർമ്മയിലിരിക്കുന്നതിന്റെ ശീലമുണ്ടാക്കുന്നുവോ അത്രയും പാപം നശിക്കും, കർമ്മാതീത അവസ്ഥ സമീപത്ത് വന്നുകൊണ്ടിരിക്കും.

**ചോദ്യം** : സത്യമായ ചാർട്ടാണോ അല്ലയോ എന്ന് ഏത് 4 കാര്യങ്ങളിലൂടെ മനസ്സിലാക്കുവാൻ സാധിക്കും?
**ഉത്തരം** : (1) ട്രസ്റ്റി സ്ഥിതി (2)പെരുമാറ്റം(3) സേവനം (4) സന്തോഷം. ഈ നാല് കാര്യങ്ങളെ നോക്കിയിട്ട് ബാപ്ദാദ പറയും ഇവരുടെ ചാർട്ട് ശരിയാണോ അല്ലയോ എന്ന്. മ്യൂസിയത്തിലും പ്രദർശിനിയിലുമൊക്കെ സേവനം ചെയ്യുന്ന കുട്ടികളിൽ ആരുടെ പെരുമാററമാണോ വളരെ റോയലായിട്ടുള്ളത്, വളരെ സന്തോഷത്തോടെയിരിക്കുന്നത്, തീർച്ചയായും അവരുടെ ചാർട്ട് വളരെ നല്ലതായിരിക്കും.

**ഗീതം** : ഹേ ആത്മാവേ നീ സ്വന്തം മുഖം നോക്കൂ......................

**ഓംശാന്തി**. കുട്ടികൾ പാട്ട് കേട്ടുവല്ലോ, ഇതിന്റെ അർത്ഥവും മനസ്സിലാക്കേണ്ടതുണ്ട്, എത്രമാത്രം പാപം അവശേഷിക്കുന്നുണ്ട്? പുണ്യത്തിന്റെ ശേഖരണം എത്രമാത്രമുണ്ട്? അർത്ഥം ആത്മാവിന് സതോപ്രധാന മാകാൻ എത്ര സമയം ആവശ്യമാണ്? ഇപ്പോൾ എത്രമാത്രം പാവനമായിട്ടുണ്ട് എന്ന് മനസ്സിലാക്കുവാൻ സാധിക്കുമല്ലോ അല്ലേ? ചാർട്ട് എഴുതുമ്പോൾ ചിലർ 2–3 മണിക്കൂർ ബാബയെ ഓർമ്മിച്ചു എന്ന് എഴുതാറുണ്ട്, ചിലർ ഒരു മണിക്കൂർ എന്നും എഴുതാറുണ്ട്. ഇത് വളരെ കുറവാണ്. ഓർമ്മിക്കുന്നത് കുറവാണെങ്കിൽ പാപം ഇല്ലാതാകുന്നതും കുറവായിരിക്കും. ഇപ്പോൾ വളരെയധികം പാപമുണ്ട്, അത് ഇല്ലാതായിട്ടില്ല. ആത്മാവിനെ തന്നെയാണ് പ്രാണിയെന്ന് പറയുന്നത്. ബാബ പറയുന്നു–അല്ലയോ ആത്മാവേ, തന്നോട് തന്നെ ചോദിക്കൂ, ഈ കണക്കനുസരിച്ച് എത്രമാത്രം പാപം ഇല്ലാതായിട്ടുണ്ടാകും? നമ്മൾ എത്രത്തോളം പുണ്യാത്മാവായി മാറിയിട്ടുണ്ട് എന്ന് ചാർട്ടിലൂടെ മനസ്സിലാക്കുവാൻ സാധിക്കും. ബാബ പറയുന്നു–അന്തിമത്തിലാണ് കർമ്മാതീത അവസ്ഥയാകുന്നത്. ഓർമ്മിച്ചോർമ്മിച്ച് അത് ശീലമായി മാറുമ്പോൾ കൂടുതൽ പാപങ്ങൾ ഇല്ലാതാകാൻ തുടങ്ങും. നമ്മൾ എത്രമാത്രം ബാബയെ ഓർമ്മിക്കുന്നുണ്ട് എന്ന് സ്വയം പരിശോധിച്ച് നോക്കണം. ഇവിടെ പൊങ്ങച്ചം പറയേണ്ട കാര്യമൊന്നും ഇല്ല. സ്വയം അവനവനെ പരിശോധിക്കണം. ബാബയ്ക്ക് ചാർട്ട് എഴുതികൊടുത്താൽ ഉടൻ ബാബ പറയും ഇത് ശരിയായ ചാർട്ടാണോ അല്ലയോ എന്ന്. സംസാര രീതിയും പെരുമാറ്റവും, സേവനവും സന്തോഷവും കാണുമ്പോൾ ബാബയ്ക്ക് ഉടൻ മനസ്സിലാക്കുവാൻ സാധിക്കും ഇവരുടെ ചാർട്ട് എങ്ങനെയുള്ളതാണെന്ന്! ആർക്കായിരിക്കും നിരന്തരം ഓർമ്മയുണ്ടാവുക? മ്യൂസിയത്തിലും പ്രദർശിനിയിലുമൊക്കെ സേവനം ചെയ്യുന്നവർക്ക്. മ്യൂസിയത്തിൽ ദിവസം മുഴുവനും ആൾക്കാർ വരികയും പോവുകയും ചെയ്യുന്നുണ്ട്. ഡൽഹിയിൽ ധാരാളം പേർ വരുന്നുണ്ട്. അതുകൊണ്ട് ഇടയ്ക്കിടയ്ക്ക് ബാബയുടെ പരിചയം കൊടുക്കേണ്ടതായുണ്ട്. ഇനി വിനാശം സംഭവിക്കാൻ വളരെ കുറച്ച് വർഷങ്ങൾ മാത്രമേയുള്ളൂ എന്ന് നിങ്ങൾ ആരോടെങ്കിലും പറഞ്ഞാൽ അവർ ചോദിക്കും അത് എങ്ങനെ സംഭവിക്കും. ഉടൻ അവരോട് പറയണം– ഇത് ഞങ്ങൾ പറയുന്നതല്ല, ഭഗവാനുവാച യാണ്. ഭഗവാനാണ് പറയുന്നതെങ്കിൽ തീർച്ചയായും സത്യമായിരിക്കുമല്ലോ അല്ലേ, അതുകൊണ്ട് ബാബ പറയുന്നു ഇത് ശിവബാബയുടെ ശ്രീമതമാണ് എന്ന് പറയണം. ഞങ്ങളല്ല പറയുന്നത്, ഇത് ഭഗവാന്റെ ശ്രീമതമാണ്. അത് സത്യം തന്നെയാണ്. തീർച്ചയായും ആദ്യം ബാബയുടെ പരിചയം നല്കണം. അതിനാൽ ബാബ പറയുന്നു ഓരോ ചിത്രത്തിലും ശിവഭഗവാനുവാച എന്ന് എഴുതൂ. ശിവബാബ ശരിയായതേ പറയൂ, നമ്മൾക്കും ഇത് അറിയുമായിരുന്നില്ല. ബാബ പറഞ്ഞ് തന്നതുകൊണ്ട് ഞങ്ങളും പറയുന്നു. ചിലപ്പോ ഴെല്ലാം പത്രങ്ങളിലും കാണാറുണ്ടല്ലോ–പെട്ടെന്ന് വിനാശം സംഭവിക്കും എന്ന് ഇന്നയാൾ ഭാവി പ്രവചിച്ചു. ഇപ്പോൾ നിങ്ങൾ പരിധിയില്ലാത്ത അച്ഛന്റെ കുട്ടികളാണ്. പ്രജാപിതാ ബ്രഹ്മാകുമാർ കുമാരിമാർ പരിധിയില്ലാത്തവരല്ലേ. നമ്മൾ പരിധിയില്ലാത്ത അച്ഛന്റെ കുട്ടികളാണ് എന്ന് നിങ്ങൾ പറയുന്നു. ആ പരിധിയില്ലാത്ത അച്ഛൻ തന്നെയാണ് പതിത പാവനനും ജ്ഞാന സാഗരനും. ആദ്യം ഈ കാര്യം വളരെ നന്നായി മനസ്സിലാക്കി കൊടുത്ത് മുന്നോട്ട് കൊണ്ടുപോകണം. ശിവബാബ പറയുന്നു – യാദവരുടെയും കൗരവരുടെയും വിനാശകാലേ വിപരീത ബുദ്ധിയാണ്. ശിവബാബയുടെ പേര് പറയുന്നതിലൂടെ കുട്ടികളുടെയും മംഗളമുണ്ടാകുന്നു, ശിവബാബയെ തന്നെ ഓർമ്മയുണ്ടായിരിക്കും. നിങ്ങൾക്ക് എന്താണോ ബാബ പറഞ്ഞ് തന്നിട്ടുള്ളത് അത് മറ്റുള്ളവർക്കും പറഞ്ഞ് കൊടുക്കൂ. സേവനം ചെയ്യുന്നവരുടെ ചാർട്ട് വളരെ നല്ലതായിരിക്കും. ഒരു ദിവസം 8 മണിക്കൂർ സേവനത്തിൽ ബിസ്സിയായിരിക്കുന്നു. ഒരു മണിക്കൂർ വിശ്രമിക്കുന്നുണ്ടായിരിക്കാം എന്നാലും 7 മണിക്കൂർ സേവനത്തിലാണ്. അവരുടെ വികർമ്മം വളരെയ ധികം ഇല്ലാതാകും. ധാരാളം പേർക്ക് ബാബയുടെ പരിചയം കൊടുക്കുകയാണ് അപ്പോൾ തീർച്ചയായും

ഇങ്ങനെയുള്ള സേവാധാരികളായിട്ടുള്ള കുട്ടികൾ ബാബയ്ക്കും പ്രിയപ്പെട്ടവരായിരിക്കും. ബാബ കാണുന്നുണ്ട്– ഇവർ ധാരാളം പേരുടെ മംഗളം ചെയ്യുകയാണ്, വളരെയധികം പേരുടെ മംഗളം ചെയ്യണം എന്ന ചിന്തയായിരിക്കും രാത്രിയും പകലും അവർക്കുണ്ടാവുക. വളരെയധികം പേരുടെ മംഗളം ചെയ്യുന്ന അർത്ഥം അവരവരുടെ മംഗളമുണ്ടാകുന്നു, ധാരാളം പേരുടെ മംഗളം ചെയ്യുന്നവർക്കാണ് സ്കോളർഷിപ്പും ലഭിക്കുക. കുട്ടികളുടെ ജോലിതന്നെ ഇതാണ്. ടീച്ചറായി മാറി ധാരാളം പേർക്ക് വഴി പറഞ്ഞ് കൊടുക്കണം. ആദ്യം പൂർണ്ണമായും ഈ ജ്ഞാനത്തെ ധാരണ ചെയ്യണം. ആരുടെയും മംഗളം ചെയ്യുന്നില്ല എങ്കിൽ അതിന്റെ അർത്ഥം ഇവരുടെ ഭാഗ്യത്തിൽ ഇല്ല എന്നാണ്. കുട്ടികൾ പറയാറുണ്ട്, ബാബാ എന്നെ ജോലിയിൽ നിന്നും വിടുവിക്കൂ, ഞാൻ ഈ സേവനം ചെയ്യാം. ബാബയും നോക്കും, ഇവർ സേവനത്തിന് യോഗ്യരാണെങ്കിൽ, ബന്ധനമുക്തമാണെങ്കിൽ, 500 – 1000 രൂപ സമ്പാദിക്കുന്നതിനെക്കാളും ഈ സേവനം ചെയ്ത് ധാരാളം പേരുടെ മംഗളം ചെയ്യൂ. പക്ഷെ ബന്ധനമുക്തമാണെങ്കിൽ മാത്രം. എന്നാലും ബാബ സേവനത്തിന്റെ യോഗ്യത നോക്കിയാണ് നിർദ്ദേശങ്ങൾ നല്കുന്നത്. സേവനത്തിനു യോഗ്യരായിട്ടുള്ളവരെ അവിടേക്കും ഇവിടേക്കുമെല്ലാം വിളിക്കുന്നുണ്ട്. സ്കൂളിൽ വിദ്യാർത്ഥികൾ പഠിക്കുന്നത് പോലെ ഇതും പഠനമാണ്. ഇത് സാധാരണ മതമൊന്നുമല്ല. സത്യം എന്നാൽ അർത്ഥം തന്നെ സത്യം പറയുന്നവൻ എന്നാണ്. നമ്മൾ ശ്രീമതമനുസരിച്ച് താങ്കൾക്ക് ഇത് മനസ്സിലാക്കി തരുന്നു. ഈശ്വരീയ മതം ഇപ്പോൾ തന്നെയാണ് നിങ്ങൾക്ക് ലഭിക്കുന്നത്.

ബാബ പറയുന്നു – നിങ്ങൾക്ക് തിരികെ പോകണം. ഇപ്പോൾ പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് എടുക്കൂ. കല്പ കല്പം നിങ്ങൾക്ക് സ്വർഗത്തിന്റെ സമ്പത്ത് ലഭിച്ചിരുന്നു, കാരണം ഓരോ കല്പത്തിലും സ്വർഗ്ഗം സ്ഥാപിക്കുകയല്ലേ. ഇത് 5000 വർഷത്തിന്റെ സൃഷ്ടി ചക്രമാണെന്ന് ആർക്കും അറിയില്ല. മനുഷ്യർ ഘോരമായ അന്ധകാരത്തിലാണ്. നിങ്ങളിപ്പോൾ വളരെയധികം പ്രകാശത്തിലാണ്. ബാബ തന്നെയാണ് സ്വർഗ്ഗം സ്ഥാപിക്കുന്നത്. വൈക്കോൽ കൂനക്ക് തീ പിടിക്കുമ്പോഴും അജ്ഞാന നിദ്രയിൽ ഉറങ്ങുന്നു എന്ന് പറയാറുണ്ട്. നിങ്ങൾ കുട്ടികൾക്കറിയാം പരിധിയില്ലാത്ത അച്ഛൻ ജ്ഞാനത്തിന്റെ സാഗരമാണ്. ഏറ്റവും ഉയർന്നവനായ ബാബയുടെ കർത്തവ്യവും ഉയർന്നതാണ്. ഈശ്വരൻ ശക്തിശാലിയായത് കാരണം എന്ത് ആഗ്രഹിക്കുന്നുവോ അത് ചെയ്യുവാൻ സാധിക്കും എന്നല്ല. ഡ്രാമ അനാദിയായിട്ട് ഉണ്ടാക്കപ്പെട്ടതാണ്. സർവ്വതും ഡ്രാമയനുസരിച്ചാണ് നടക്കുന്നത്. എത്ര പേരാണ് യുദ്ധങ്ങളിൽ മരിക്കുന്നത്. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഇതിൽ ഭഗവാന് എന്ത് ചെയ്യാൻ സാധിക്കും. പ്രകൃതി ക്ഷോഭങ്ങളും മറ്റും സംഭവിക്കുമ്പോൾ, അല്ലയോ ഭഗവാനെ എന്ന് വിളിച്ച് എത്രമാത്രം നിലവിളിക്കുന്നു, പക്ഷേ ഭഗവാന് എന്ത് ചെയ്യാൻ പറ്റും. ഭഗവാനെ നിങ്ങൾ വിളിക്കുന്നത് ഈ ലോകത്തിന്റെ വിനാശം ചെയ്യുവാൻ വേണ്ടിയാണ്. പതിത ലോകത്തിലേയ്ക്കാണ് നിങ്ങൾ വിളിക്കുന്നത്. പുതിയ ലോകം സ്ഥാപിക്കുകയും പഴയ ലോകത്തിന്റെ വിനാശം ചെയ്യുവാനുമാണ് വിളിക്കുന്നത്. ഞാൻ ചെയ്യുകയല്ല, ഇത് ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഇതിൽ നിന്നും രക്ഷപ്പെടുന്നതിന്റെ കാര്യമേയില്ല. പവിത്രമായ ലോകം നിർമ്മിക്കൂ എന്നാണ് നിങ്ങൾ പറയുന്നത് അപ്പോൾ തീർച്ചയായും പതിത ആത്മാക്കൾ പോകുമല്ലോ. ചിലർ ഇത് മനസ്സിലാക്കുന്നതേയില്ല. ശ്രീമതത്തിന്റെ അർത്ഥവും അറിയുന്നില്ല, ഭഗവാൻ ആരാണ് എന്ന് പോലും അറിയുന്നില്ല. ചില കുട്ടികൾ നന്നായിട്ട് പഠിക്കുന്നില്ലെങ്കിൽ നിന്റേത് കല്ല് ബുദ്ധിയാണെന്ന് അവരുടെ അച്ഛനമ്മമാർ പറയും. സത്യയുഗത്തിൽ ഇങ്ങനെ പറയില്ല. കലിയുഗത്തിലാണ് കല്ല് ബുദ്ധികളായിട്ടുള്ളവർ. പവിഴ ബുദ്ധിയായിട്ടുള്ളവർ ഇവിടെ ഉണ്ടാവില്ല. നോക്കൂ, ഇന്നത്തെക്കാലത്ത് മനുഷ്യർ എന്തൊക്കെയാണ് ചെയ്യുന്നത്, ഒരു ഹൃദയം മാറ്റി മറ്റൊന്ന് വയ്ക്കുന്നു. ശരി, ഇത്രയും കഷ്ടപ്പെട്ട് ഇതൊക്കെ ചെയ്യുന്നതിലൂടെ എന്ത് ലാഭമാണുള്ളത്? കുറച്ച് ദിവസം കൂടി ജീവൻ നിലനില്ക്കും അത്രമാത്രമേയുള്ളൂ. ധാരാളം പേർ രിദ്ധി സിദ്ധികളൊക്കെ പഠിക്കുന്നുണ്ട്, നേട്ടമൊന്നും ഇല്ല, നമ്മളെ പാവനലോകത്തിന്റെ അധികാരിയാക്കുവാൻ വേണ്ടിയാണ് ഭഗവാനെ ഓർമ്മിക്കുന്നത്. പതിത ലോകത്തിൽ നമ്മൾ ദുഃഖിതരായി മാറിയിരിക്കുന്നു. സത്യയുഗത്തിൽ രോഗത്തിന്റെയോ ദുഃഖത്തിന്റെയോ കാര്യമേയില്ല. ബാബയിൽ നിന്നും നിങ്ങൾ എത്ര ഉയർന്ന പദവിയാണ് നേടുന്നത്. ഇവിടെയും മനുഷ്യർ പഠനത്തിലൂടെ ഉയർന്ന ഡിഗ്രികൾ നേടുന്നു. വളരെ സന്തോഷിക്കുന്നു. ഇനി കുറച്ച് ദിവസമേ ഇവിടെ ഉണ്ടാകൂ എന്ന് നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട്. ശിരസ്സിൽ ധാരാളം പാപങ്ങളുടെ ഭാരമുണ്ട്. ശിക്ഷകളും വളരെയധികം അനുഭവിക്കും. സ്വയം പതിതമാണ് എന്ന് പറയുന്നുണ്ടല്ലോ. വികാരത്തിലേക്ക് പോകുന്നത് പാപമാണ് എന്ന് മനസ്സിലാക്കുന്നില്ല. പാപാത്മാവായി മാറുന്നു. ഗൃഹസ്ഥാശ്രമം അനാദിയാണ് എന്ന് പറയുന്നു. സത്യയുഗത്തിലും ത്രേതായുഗത്തിലും പവിത്ര ഗൃഹസ്ഥാശ്രമമായിരുന്നു എന്നത് ബാബ മനസ്സിലാക്കിത്തരുന്നു. പാപാത്മാക്കൾ ഇല്ലായിരുന്നു. ഇവിടെ പാപാത്മാക്കളായത് കൊണ്ടാണ് ദുഃഖമുള്ളത്. ഇവിടെയുള്ളത് അല്പകാലത്തെ സുഖമാണ്, രോഗം ബാധിച്ച് മരിക്കുന്നു. മരണം വായ തുറന്ന് നില്ക്കുകയാണ്. പെട്ടെന്നാണ് ഹൃദയസ്തംഭനമൊക്കെ ഉണ്ടാകുന്നത്. ഇവിടെ കാക്ക കാഷ്ഠത്തിന് സമാനമായ സുഖമാണ്. അവിടെ നിങ്ങൾക്ക് അളവറ്റ സുഖമായിരിക്കും.

നിങ്ങൾ മുഴുവൻ വിശ്വത്തിന്റെയും അധികാരികളാവുകയാണ്. അവിടെ യാതൊരു പ്രകാരത്തിലുമുള്ള ദുഃഖമുണ്ടായിരിക്കില്ല. ചൂടുമുണ്ടായിരിക്കില്ല തണുപ്പുമുണ്ടായിരിക്കില്ല സദാ വസന്തകാലമായിരിക്കും. 5 തത്വങ്ങളും നിയമപ്രമാണമായിരിക്കും. സ്വർഗ്ഗം എന്നാൽ സ്വർഗ്ഗം തന്നെയാണ്, രാത്രിയും പകലും പോലുള്ള വ്യത്യാസമുണ്ട്. നിങ്ങൾ ബാബയെ വിളിച്ചത് തന്നെ സ്വർഗ്ഗം സ്ഥാപിക്കുവാൻ വേണ്ടിയാണ്, ബാബാ വന്ന് പാവനമായ ലോകം സ്ഥാപിക്കൂ, ഞങ്ങളെ പാവനമാക്കൂ എന്ന് പറഞ്ഞ് വിളിക്കുന്നു.
ഓരോ ചിത്രത്തിലും ശിവഭഗവാനുവാച എന്നത് എഴുതണം. ഇതിലൂടെ ഇടയ്ക്കിടയ്ക്ക് ശിവബാബയുടെ ഓർമ്മ വരും. ജ്ഞാനവും കൊടുത്തുകൊണ്ടിരിക്കും. മ്യൂസിയത്തിലും പ്രദർശിനിയിലുമൊക്കെ സേവനം ചെയ്യുമ്പോൾ ജ്ഞാനവും യോഗവും രണ്ടും നടക്കും. ബാബയെ ഓർമ്മിക്കുന്നതിലൂടെ ലഹരി വർദ്ധിക്കും. നിങ്ങൾ പാവനമായി മുഴുവൻ വിശ്വത്തെയും പാവനമാക്കുകയാണ്. നിങ്ങൾ പവിത്രമാകുമ്പോൾ തീർച്ചയായും സൃഷ്ടിയും പാവനമാകും. അന്തിമത്തിൽ വിധി പറയുന്ന സമയമായത് കാരണം സർവ്വരുടേയും കണക്കുകൾ പൂർത്തിയാകും. നിങ്ങൾക്ക് വേണ്ടി എനിക്ക് പുതിയ സൃഷ്ടിയുടെ ഉദ്ഘാടനം ചെയ്യേണ്ടതായുണ്ട്. പിന്നെയാണ് മറ്റ് ശാഖകൾ തുറക്കുന്നത്. പവിത്രമാക്കുവാൻ വേണ്ടി പുതിയ ലോകമായ സത്യയുഗത്തിന്റെ അടിത്തറ ബാബയ്ക്കല്ലാതെ മറ്റാർക്കും സ്ഥാപിക്കുവാൻ സാധിക്കില്ല. അതിനാൽ ബാബയെ ഓർമ്മിക്കേണ്ടതുണ്ട്. നിങ്ങൾ മ്യൂസിയവും മറ്റും വലിയ വലിയ ആളുകളെ കൊണ്ട് ഉദ്ഘാടനം നടത്താറുണ്ട്, അപ്പോൾ ധാരാളം പേർ അറിയും. മനുഷ്യർ കരുതും ഇവരും ഇവിടെ വരുന്നുണ്ടെന്ന്. ചിലർ പറയാറുണ്ട്- നിങ്ങൾ എഴുതി തരൂ, ഞാൻ അത് സംസാരിക്കാം എന്ന്. എന്നാൽ അതും തെറ്റാണ്. നല്ല രീതിയിൽ മനസ്സിലാക്കിയിട്ട് സംസാരിക്കുന്നതാണ് വളരെ നല്ലത്. കൃത്യതക്ക് വേണ്ടി ചിലർ എഴുതിയത് വായിച്ച് കേൾപ്പിക്കുന്നു. നിങ്ങൾ കുട്ടികൾ സ്വന്തം വാക്കുകളിലൂടെ മനസ്സിലാക്കിക്കൊടുക്കണം. നിങ്ങളുടെ ആത്മാവിൽ മുഴുവൻ ജ്ഞാനവുമുണ്ടല്ലോ അല്ലേ. നിങ്ങൾ അത് മറ്റുള്ളവർക്ക് നല്കുന്നു. പ്രജകൾ വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നു. ജനസംഖ്യയും വർദ്ധിക്കുകയല്ലേ. എല്ലാ സാധനങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ മുഴുവൻ വൃക്ഷവും ജീർണ്ണിച്ച അവസ്ഥയിലായിരിക്കുകയാണ്. നമ്മുടെ ധർമ്മത്തിലുള്ളവർ വീണ്ടും വരും. നമ്പർവാർ തന്നെയാണ്. എല്ലാവർക്കും ഒരുപോലെ പഠിക്കുവാൻ സാധിക്കില്ല. ചിലർ 100 ൽ ഒരു മാർക്ക് നേടുന്നവരുമുണ്ട്, കുറച്ച് എന്തെങ്കിലും കേൾക്കും, ഒരു മാർക്ക് ലഭിച്ചാലും സ്വർഗ്ഗത്തിൽ വരും. ഇത് പരിധിയില്ലാത്ത പഠനമാണ്, ഈ പഠനം പരിധിയില്ലാത്ത അച്ഛൻ തന്നെയാണ് പഠിപ്പിക്കുന്നത്. ഈ ധർമ്മത്തിലുള്ളവർ വീണ്ടും വരും. ആദ്യം എല്ലാവർക്കും തന്റെ വീടായ മുക്തിധാമത്തിലേയ്ക്ക് പോകണം പിന്നെ നമ്പർക്രമമനുസരിച്ച് താഴേയ്ക്ക് വരും. ചിലർ ത്രേതായുഗത്തിന്റെ അന്തിമത്തിൽ വരും. ബ്രാഹ്മണനാകുന്നുണ്ട് എന്നാൽ എല്ലാ ബ്രാഹ്മണരും സത്യയുഗത്തിൽ വരുന്നില്ല, ത്രേതായുഗത്തിന്റെ അവസാനം വരെ വന്നുകൊണ്ടിരിക്കും. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. ബാബയ്ക്കറിയാം രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ് സർവ്വർക്കും ഒരുപോലെ പഠിക്കുവാൻ സാധിക്കില്ല. രാജധാനിയിൽ എല്ലാ പ്രകാരത്തിലുള്ളവരും ആവശ്യമാണ്. പുറത്തുള്ളവരെയാണ് പ്രജകൾ എന്ന് പറയുന്നത്. ബാബ പറയുന്നു-അവിടെ മന്ത്രിമാരുടെ ആവശ്യമൊ ന്നും ഉണ്ടായിരിക്കില്ല. ശ്രീമതത്തിലൂടെയാണ് അവർ ഇങ്ങനെയായി മാറിയത്. അപ്പോൾ ആരിൽനിന്നെങ്കിലും അഭിപ്രായങ്ങൾ ചോദിക്കേണ്ട കാര്യമെന്താണ്. മന്ത്രിമാരൊന്നും ഉണ്ടായിരിക്കില്ല. പതിതമാകുമ്പോൾ ഒരു മന്ത്രിയും ഒരു രാജാവും റാണിയും ഉണ്ടാകും. ഇപ്പോൾ എത്ര മന്ത്രിമാരാണ്. ഇവിടെ പഞ്ചായത്തീ രാജ് അല്ലേ. ഒരാളുടെ അഭിപ്രായം മറ്റൊരാളുമായി ചേരില്ല. ഒരാളെ പരിചയപ്പെട്ടു, കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കൂ, സഹായം ചെയ്തു തരും. മററൊരാൾ വരുമ്പോൾ അയാൾക്ക് ഈ കാര്യങ്ങളൊന്നും മനസ്സിലാകില്ല അതിനാൽ അയാൾ കാര്യങ്ങളെ വഷളാക്കും. ഒരാളുടെ ബുദ്ധിപോലെയായിരിക്കില്ല മറ്റൊരാളുടേത്. അവിടെ നിങ്ങളുടെ സർവ്വ മനോകാമനകളും പൂർത്തിയാകുന്നു. നിങ്ങൾ എത്രമാത്രം ദുഃഖം അനുഭവിച്ചു. ഇതിന്റെ പേര് തന്നെ ദുഃഖധാമമെന്നാണ്. ഭക്തിമാർഗ്ഗത്തിലും എത്രമാത്രം കഷ്ടതകൾ അനുഭവിച്ചു. ഇതും ഡ്രാമയാണ്. ദുഃഖിതരാകുമ്പോഴാണ് ബാബ വന്ന് സുഖത്തിന്റെ സമ്പത്ത് നല്കുന്നത്. ബാബ നിങ്ങളുടെ ബുദ്ധി തുറന്ന് തരുന്നു. മനുഷ്യർ പറയുന്നത് സമ്പന്നർക്ക് ഈ ലോകം സ്വർഗ്ഗവും പാവപ്പെട്ടവർക്ക് നരകവും എന്നാണ്. സ്വർഗ്ഗം എന്ന് എന്തിനെയാണ് പറയുന്നത് എന്ന് നിങ്ങൾ യഥാർത്ഥമായി അറിയുന്നുണ്ട്. സത്യയുഗത്തിൽ ആരും ദയ കാണിക്കൂ എന്ന് പറഞ്ഞ് ഭഗവാനെ വിളിക്കില്ല. ഇവിടെയാണെങ്കിൽ ദയ കാണിക്കൂ, ഞങ്ങളെ മോചിപ്പിക്കൂ എന്ന് പറഞ്ഞ് വിളിക്കുന്നു. ബാബ തന്നെയാണ് സർവ്വരേയും ശാന്തിധാമത്തിലേയ്ക്കും സുഖധാമത്തിലേയ്ക്കും കൊണ്ട് പോകുന്നത്. അറിവില്ലാതിരുന്ന സമയത്ത് നിങ്ങളും ഒന്നും മനസ്സിലാക്കിയിരുന്നില്ല. നമ്പർവൺ തമോപ്രധാനമായി മാറിയ ആൾ തന്നെയാണ് വീണ്ടും നമ്പർവൺ സതോപ്രധാനമാകുന്നത്. ഇദ്ദേഹം തന്റെ മഹിമയൊന്നും പറയുന്നില്ല. ഒരാൾക്ക് മാത്രമാണ് മഹിമയുള്ളത്. ലക്ഷ്മീ നാരായണനെയും അങ്ങനെയാക്കി മാറ്റുന്നത് ബാബയല്ലേ. ഏറ്റവും ഉയർന്നത് ഭഗവാനാണ്. ബാബ അത്രയും ഉയർന്നതാക്കുകയാണ് ചെയ്യുന്നത്. എല്ലാവരും ഉയർന്നവരാകുന്നില്ല എന്ന് ബാബയ്ക്കറിയാം എന്നാലും പുരുഷാർത്ഥം ചെയ്യേണ്ടതായുണ്ട്. ഇവിടെ നിങ്ങൾ വന്നിരിക്കുന്നത് നരനിൽ നിന്നും

നാരായണനാകുവാൻ വേണ്ടിയാണ്. പറയാറുണ്ട് ബാബാ ഞങ്ങൾ സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി നേടും ഞങ്ങൾ സത്യ നാരായണന്റെ സത്യമായ കഥ കേൾക്കുവാനാണ് വന്നിരിക്കുന്നത്. ബാബ പറയുന്നു – ശരി, നിന്റെ വായിൽ റോസാപ്പൂ, നന്നായി പരിശ്രമിക്കൂ. സർവ്വരും ലക്ഷ്മീ നാരായണനാകില്ല. ഇവിടെ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. രാജ കുടുംബത്തിലും പ്രജകളുടെ കുടുംബത്തിലും ധാരാളം ആളുകൾ വേണ്ടേ. ആശ്ചര്യത്തോടെ കേൾക്കുകയും കേൾപ്പിക്കുകയും ചെയ്തിട്ട് ഓടിപ്പോകുന്നു.... പിന്നെ മടങ്ങി വരുന്നവരുമുണ്ട്. തന്റെ എന്തെങ്കിലുമൊക്കെ ഉന്നതി ചെയ്യുന്ന കുട്ടികൾക്ക് ഉയർച്ചയുണ്ടാകും. സമർപ്പണമാകുന്നതും പാവപ്പെട്ടവരാണ്. ദേഹ സഹിതം മറ്റൊന്നും ഓർമ്മ വരരുത്, വളരെ ഉയർന്ന ലക്ഷ്യമാണ്. അഥവാ സംബന്ധം യോജിച്ചിരിക്കുകയാണെങ്കിൽ തീർച്ചയായും അവരുടെ ഓർമ്മ വരും. ബാബയ്ക്ക് ആരെ ഓർമ്മ വരും. ദിവസം മുഴുവൻ ബുദ്ധി പരിധിയില്ലാത്തതിലാണ്. എത്രമാത്രം പരിശ്രമിക്കേണ്ടതുണ്ട്. ബാബ പറയുന്നു എന്റെ കുട്ടികളിലും ഉത്തമരും മദ്ധ്യമരും കനിഷ്ഠരുമുണ്ട്. അന്യർ വരുമ്പോൾ ഇവർ പതിത ലോകത്തിലേതാണ് എന്ന് മനസ്സിലാക്കും. എന്നാലും യജ്ഞ സേവനം ചെയ്യുന്നതിനാൽ അവർക്ക് ആദരവ് നല്കേണ്ടതുണ്ട്. ഇതെല്ലാം ബാബയുടെ യുക്തിയാണ്. ശാന്തിയുടെ സ്തംഭമായ, പവിത്രതയുടെ മഹാ സ്തംഭമായ, പരമപവിത്രമായ ബാബ ഇവിടെയിരുന്ന് മുഴുവൻ ലോകത്തെയും പവിത്രമാക്കി മാറ്റുന്നു. ഇവിടെ പതിതരായിട്ടുള്ളവർക്ക് വരാൻ സാധിക്കില്ല. എന്നാൽ ബാബ പറയുന്നു ഞാൻ വന്നിരിക്കുന്നത് തന്നെ പതിതരെ പാവനമാക്കുവാൻ വേണ്ടിയാണ്, ഈ കളിയിൽ എനിക്കും പാർട്ടുണ്ട്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചുകിട്ടിയ മധുരമധുരമായ സന്താനങ്ങൾക്ക് മാത്പിതാവായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം:-

1) തന്റെ ചാർട്ട് നോക്കി പരിശോധിക്കണം, എത്ര പുണ്യം ശേഖരിക്കപ്പെട്ടിട്ടുണ്ട്? ആത്മാവ് എത്രത്തോളം സതോപ്രധാനമായി മാറി? ഓർമയിലിരുന്ന് എല്ലാ കണക്കുകളും വീട്ടണം.

2) സ്കോളർഷിപ്പ് നേടുന്നതിനായി സേവനയുക്തരായി അനേകരുടെ നന്മ ചെയ്യണം. ബാബയ്ക്ക് പ്രിയ പ്പെട്ടവരായി മാറണം. ടീച്ചറായി മാറി വളരെയധികം പേർക്ക് വഴി പറഞ്ഞുകൊടുക്കണം.

## വരദാനം:- തന്റെ ഫരിസ്താ സ്വരൂപത്തിലൂടെ സർവ്വർക്കും സമ്പത്തിന്റെ അധികാരം കൊടുപ്പിക്കുന്ന ആകർഷണമൂർത്തിയായി ഭവിക്കട്ടെ.

ഫരിസ്താ സ്വരൂപത്തിന്റെ അങ്ങനെയുള്ള തിളങ്ങുന്ന വസ്ത്രം ധരിക്കൂ ദൂരെ-ദൂരെയുള്ള ആത്മാക്കൾ പോലും തങ്ങൾക്ക് നേരെ ആകർഷിതരാകട്ടെ അങ്ങനെ സർവ്വരെയും യാചനയിൽ നിന്ന് മോചിപ്പിച്ച് സമ്പത്തിന്റെ അധികാരിയായി മാറട്ടെ. ഇതിന് വേണ്ടി ജ്ഞാനമൂർത്തിയും യോഗമൂർത്തിയും ദിവ്യഗുണമൂർത്തിയുമായി പറക്കുന്ന കലയിൽ സ്ഥിതി ചെയ്യുന്നതിനുള്ള അഭ്യാസം വർദ്ധിപ്പിച്ചു കൊണ്ടേ പോകൂ. താങ്കളുടെ പറക്കുന്ന കല തന്നെയാണ് സർവ്വരെയും നടക്കുമ്പോഴും കറങ്ങുമ്പോഴും ഫരിസ്തയുടെയും ഒപ്പം ദേവതാസ്വരൂത്തിന്റെയും സാക്ഷാത്കാരം ചെയ്യിപ്പിക്കുക. ഇത് തന്നെയാണ് വിധാതാ, വരദാതാവിന്റെ സ്ഥിതി.

## സ്ലോഗൻ:- മറ്റുള്ളവരുടെ മനസ്സിലെ ഭാവങ്ങളെ അറിയുന്നതിന് വേണ്ടി സദാ മൻമനാഭവ സ്ഥിതിയിൽ സ്ഥിതി ചെയ്യൂ.

**ശക്തിശാലീ മനസിലൂടെ സകാശ് കൊടുക്കുന്നതിന്റെ സേവനം ചെയ്യൂ.**

മനസാ ശക്തിയുടെ ദർപ്പണമാണ്- വാക്കും കർമ്മവും. അജ്ഞാനികളായ ആത്മാക്കളാകട്ടെ, ജ്ഞാനി ആത്മാക്കളാകട്ടെ രണ്ട് കൂട്ടരുടെയും സംബന്ധ-സമ്പർക്കത്തിൽ വാക്കും കർമ്മവും ശുഭഭാവന-ശുഭകാമനയുള്ളതായിരിക്കണം. ആരുടെ മനസ്സ് ശുഭകരവും ശക്തിശാലിയുമാണോ അവർ വാചാ കർമ്മണാ സ്വതവേ തന്നെ ശക്തിശാലിയും ശുദ്ധരും ശുഭഭാവനയുള്ളവരുമായിരിക്കും. മനസാ ശക്തിശാലി അർത്ഥം ഓർമ്മയുടെ ശക്തി ശ്രേഷ്ഠമായിരിക്കും, ശക്തിശാലിയായിരിക്കും, സഹജയോഗിയുമായിരിക്കും.